## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*269 15.12.2015 - ൽ മറുപടിക്ക്**

**<u>ദേശീയ പാത വികസനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.എളമരം കരീം**<br>**,, ജി.സുധാകരൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**,, പി.കെ.ഗുരുദാസൻ** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ എൻ.എച്ച്.17, എൻ.എച്ച് 47 എന്നീ ദേശീയ പാതകളുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br><br>(ബി) പ്രസ്തുത പാതകളുടെ വികസന പ്രവർത്തനങ്ങളിൽ നിന്നും പിന്മാറിയ നാഷണൽ ഹൈവേ അതോറിറ്റി വീണ്ടും സഹകരിക്കാൻ തയ്യാറായിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകൾ മുന്നോട്ടു വച്ചിട്ടുണ്ടോ; | (എ) & (ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം നാലു വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി ഫേയ്സ് 2,3,4 ൽ ആണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ഫേയ്സ് 2 & 3 ൽ ഉൾപ്പെടുത്തിയിരുന്ന എൻ.എച്ച് 47 ന്റെ (പുതിയ എൻ.എച്ച് 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ 182.250 മുതൽ 240.00) വരെയുള്ള 57.75 കി.മീ ഭാഗത്തിന്റെ നാലുവരിപ്പാത നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ തൃശ്ശൂർ (കി.മീ 240.00 മുതൽ 270.00) വരെയുള്ള 30 കി.മീ ഭാഗത്തിന്റെ 6 വരിപ്പാതാ നിർമ്മാണം ദേശീയ പാതാ വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ പുരോ |

ഗമിക്കുന്നു. തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ.270.00 മുതൽ 316.700) വരെ 46.70 കി.മീ ദൂരവും അങ്കമാലി മുതൽ ഇടപ്പള്ളി വരെ (കി.മീ 316.700 മുതൽ 342.00) 25.3 കി.മീ ദൂരവും നാലു വരിപ്പാതാ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (പുതിയ എൻ.എച്ച് 66) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (പുതിയ എൻ.എച്ച് 66) ഉള്ള ദേശീയ പാതാ വികസനത്തിന്റെ സ്ഥലം ഏറ്റെടുപ്പ നടപടികളിലുണ്ടായ കാലതാമസം കാരണം ദേശീയ പാതാ വികസന അതോറിറ്റി ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. ദേശീയപാതാ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം അടിയന്തിരമായി ഏറ്റെടുത്ത് ദേശീയ പാതാ വികസന അതോറിറ്റിയ്ക്ക് കൈമാറാം എന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റേയും നിരന്തരമായ അഭ്യർത്ഥനയുടേയും അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയം ഈ പദ്ധതി പുനരാരംഭിക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതിയ ഡി.പി.ആർ തയ്യാറാക്കാൻ നാഷണൽ ഹൈവേ അതോ

| | | | |
|---|---|---|---|
| | | | റിറ്റി ഓഫ് ഇന്ത്യ ടെണ്ടർ വിളിച്ചിട്ടുണ്ട്. |
| (സി) | ദേശീയ പാത വികസനത്തിന് പ്രത്യേക ഉപസമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഈ സമിതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ; | (സി) | സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അലൈൻമെന്റിലെ ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽ പറഞ്ഞ തരത്തിലുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പരിശോധിച്ചു വരുന്നു. |
| (ഡി) | റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ സ്ഥലമുടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) | ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഇപ്പോൾ നഷ്ട പരിഹാരം കണക്കാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമ പ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പാക്കേജിലെ (15.11.2011 ലെ സ.ഉ(കൈ) നം.419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ട പരിഹാരം ഉറപ്പ് വരുത്തുന്ന |

രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്തു നൽകിയാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**